# ഭരണഭാഷ - മാതൃഭാഷ

<u>മേലെഴുത്ത് നമ്പർ ഇഎ2/49300/23/ഡിടിഇ  തീയതി: 21.11.2023</u>

ബാബാസാഹെബ് ഡോ. ഭീംറാവു അംബേദ്കറുടെയും ഭരണഘടനയുടെ മറ്റ് സ്ഥാപകൻമാരുടെയും അമൂല്യമായ സംഭാവനകൾക്ക് ആദരാഞ്ജലി അർപ്പിക്കാനും ഇന്ത്യൻ ഭരണഘടന അംഗീകരിച്ചതിന്റെ സ്മരണയ്ക്കായി നവംബർ 26 'ഭരണഘടനാ ദിനം' ആയി ഇന്ത്യാ ഗവൺമെന്റ് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആഘോഷങ്ങളുമായി ബന്ധപ്പെട്ട്, എല്ലാ സർക്കാർ ഓഫീസുകളിലും ഭരണഘടനയുടെ 'ആമുഖം' (ഇനുള്ളത് പോലെ) വായിക്കാൻ ഇന്ത്യാ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ, നവംബർ 26 ഞായറാഴ്ച ആയതിനാൽ 2023 നവംബർ 27-ന് (തിങ്കൾ) സ്ഥാപന/ഓഫീസ് മേധാവി രാവിലെ 11-ന് ഭരണഘടനയുടെ ആമുഖം ചൊല്ലികൊടുക്കേണ്ടതാണ് എന്നും സർക്കാർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഭരണഘടനയുടെ ആമുഖവും ഭരണഘടനയുടെ 51 എ അനുച്ഛേദം അനുശാസിക്കുന്ന മൗലിക കർത്തവ്യങ്ങളും വായിക്കാൻ എല്ലാ സർക്കാർ ഓഫീസുകളിലും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണഘടനാ ദിനാചരണത്തോടനുബന്ധിച്ച് ഇന്ത്യൻ ഭരണഘടനയെക്കുറിച്ചുള്ള വെബിനാറുകൾ, സംവാദങ്ങൾ, പ്രസംഗങ്ങൾ, ഉപന്യാസങ്ങൾ, ക്വിസ് മത്സരങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. സർവ്വകലാശാലകൾക്ക് ഭരണഘടനയെക്കുറിച്ച് പ്രത്യേക ചർച്ചകൾ നടത്താം. ടി സർക്കുലർ വകുപ്പിന് കീഴിലെ സ്ഥാപന/ഓഫീസ് മേധാവികളുടെ അറിവിലേക്കും തുടർ നടപടികൾക്കുമായും നൽകുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1. വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും (ഡി.ടി.ഇ വെബ്സൈറ്റ് വഴി)
2. എല്ലാ ജീവനക്കാർക്കും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
3. കരുതൽ സഞ്ചയം

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി

Draft #1 of File EA2/49300/23/DTE Approved by Senior Administrative Officer on 23-Nov-2023 09:44 AM - Page 1

Date: 23.11.2023

Reason: Approved

Draft #1 of File EA2/49300/23/DTE Approved by Senior Administrative Officer on 23-Nov-2023 09:44 AM - Page 2

The document is digitally approved. Hence signature is not needed.

I/5953816/2023

# GOVERNMENT OF KERALA

**No.Cdn.4/134/2023/GAD**
**General Administration (Co-ordination) Department**
**Thiruvananthapuram,**
**Dated:18-11-2023**

## CIRCULAR

Sub: GAD-Observance of 'Constitution Day' on 27th November 2023 in all Educational Institutions and Government Departments – Instructions issued - Regarding.

Ref: D.O.No.701/2/2/2022-Cab.III Dated 13.11.2023 from the Cabinet Secretary, Government of India

Government of India has notified 26 November as 'Constitution Day' to commemorate the adoption of the Constitution of India and to pay tribute to the invaluable contribution of Babasaheb Dr.Bhimrao Ambedkar and other founding fathers of the Constitution. Every Year as a part of the Celebrations a number of activities aimed at highlighting and reiterating the values and principles enshrined in the Constitution are organised. In connection with the celebrations, Government of India has decided to read out 'Preamble to the Constitution' (as it exists today) in all Government offices, Autonomous bodies, Organisations, Local Self Government Institutions State Legal Services Authority/District Legal Services Authority etc throughout the country on 26th November 2023 and to organise competitive activities like Talks/Webinars by eminent citizens on Fundamental Duties etc.

In the above circumstances, all District Collectors, Heads of Departments and Chief Executives of Public Sector Undertakings/Autonomous Bodies are directed to arrange programmes for observing **'Constitution Day' on 27th November 2023 (Monday)** by reading out 'Preamble' to the Constitution at 11:00 a.m in all Government offices, since 26th November is Sunday. All educational institutions are also directed to read out the 'Preamble' to the Constitution and the fundamental duties as enshrined in Article 51A of the constitution during the assembly session on 27th November 2023. A provision has also been made on MyGov portal to 'Read the Preamble' online and download a Certificate. It is further directed to conduct the Activities such as webinars, debates, speeches, essays and quiz competitions on the constitution of India in connection with the observance of Constitution Day. Universities may have special talks on the constitution.

**K R JYOTHILAL**
**ADDITIONAL CHIEF SECRETARY**

To:

The Secretary, Government of India,
Ministry of Social Justice and Empowerment, Department of Social Justice and Empowerment, Shastri Bhawan, New Delhi – 110 001. (with C.L)
All District Collectors.
All Heads of Departments.
The Chief Executives of Public Sector Undertakings/Autonomous Bodies.
All Additional Chief Secretaries/Pl. Secretaries/Secretaries/Spl. Secretaries.
The Secretary to Governor, Kerala Raj Bhavan, Thiruvananthapuram
The Registrar General, Hon'ble High Court of Kerala, Ernakulam
The Secretary, Kerala Legislative Assembly, Thiruvananthapuram
The Secretary, Kerala Public Service Commission, pattom, Thiruvananthapuram
The Director, Directorate of Public Instructions, Jagathi, Thiruvananthapuram.
The Director, Higher Secondary Education, Thiruvananthapuram.
The Director, Vocational Higher Secondary Education, Thiruvananthapuram.

I/5953816/2023

The Director, Technical Education Directorate, East fort, Thiruvananthapuram.
The Resident Commissioner, Kerala House, New Delhi.
The Registrar, Kerala Administrative Tribural, Vanchiyoor, Thiruvananthapuram.
The Registrar, University of Kerala/Mahatma Gandhi/Calicut/Cochin/Kannur
The Registrar, Kerala Agricultural University, Mannuthi, Thrissur.
The Registrar, Sree Sankaracharya University of Sanskrit, Kalady. P.O. Ernakulam.
The Registrar, Kerala University of Health and Allied Sciences, Thrissur – 680 596.
The Registrar, Kerala Veterinary and Animal Sciences University, Camp Office, Kerala Agricultural University Campus, Mannuthi, Thrissur.
The Registrar, Kerala University of Fisheries and Ocean Studies, Panangad, Cochin.
All Departments in Government Secretariat including Law and Finance.
(they may be requested to ensure that the circular is being forwarded to all the Heads of Departments and offices under their control)
Information & Public Relations Department. (for providing publicity through media)
Web & New Media, I&PRD, Government Secretariat (for publishing in Govt. website)
Stock File / Office Copy.

Forwarded / By order,

Signed by
Sreekumar T
Date: 20-11-2023 11:19:12
Section Officer.

Copy to:- Principal Secretary/Private Secretary to Hon'ble Chief Minister.
Private Secretary to all Ministers.
The Officer on Spl.Duty to Chief Secretary.
PA to Additional Chief Secretary, General Administration Department.
CA to Additional Secretary, General Administration Department.

## ഭാരതത്തിന്റെ ഭരണഘടന

### ആമുഖം

ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം, സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ നീതിയും; ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും, പദവിയിലും അവസരത്തിലും സമത്വവും, സംപ്രാപ്തമാക്കുവാനും; അവർക്കെല്ലാമിടയിൽ വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും, സഗൗരവം തീരുമാനിച്ചിരിക്കയാൽ; നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.